<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഒന്നാം സമ്മേളനം</u>

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1612 | 13.07.2011 ൽ മറുപടി നൽകേണ്ടിയിരുന്നത് |
| **അംഗൻവാടികൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ഡോ. കെ. ടി. ജലീൽ**<br><br>**ശ്രീമതി. കെ. എസ് സലീഖ**<br><br>**ശ്രീമതി. കെ. കെ. ലതിക**<br><br>**ശ്രീ. ആർ. സെൽവരാജ്** | **ആരോഗ്യവും വനിത ശിശു വികസനവും വകുപ്പ് മന്ത്രി** |
| (എ) മുൻ സർക്കാരിന്റെ കാലത്ത് അംഗൻവാടി മേഖലയിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (എ) മുൻ സർക്കാരിന്റെ കാലത്ത് അംഗൻവാടി മേഖലയിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു:<br><br>1 . നിലവിലുണ്ടായിരുന്ന 1 6 3 ഐ.സി.ഡി.എസ് പ്രോജക്ടുകൾ വിഭജിച്ച് 9 5 പുതിയ ഐ.സി.ഡി.എസ് പ്രോജക്ടുകൾ കൂടി രൂപീകരിച്ചു.<br><br>2. 7722 പുതിയ അംഗൻവാടികൾ അനുവദിച്ചു.<br><br>3 . അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും 200 രൂപ വില വരുന്ന രണ്ട് യൂണിഫോം സാരികൾ വീതം വിതരണം ചെയ്യുന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കി.<br><br>4 . അംഗൻവാടി കേന്ദ്രങ്ങളിൽ ആകസ്മിക ആവശ്യങ്ങൾ നേരിടുന്നതിന് 1000 രൂപ വീതം ഫ്ലക്സി ഫണ്ട് അനുവദിക്കുന്ന കേന്ദ്ര പദ്ധതി നടപ്പിലാക്കി.<br><br>5. 564 അംഗൻവാടി കേന്ദ്രങ്ങൾ സാമൂഹ്യവിഭവകേന്ദ്രങ്ങളായി ഉയർത്തി. അവിടെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തു.<br><br>6 . സാമൂഹ്യ വിഭവ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ള അംഗൻ വാടികളിലെ 3 2 0 പ്രവർത്തകർക്ക് കെൽട്രോൺ മുഖേന കംപ്യൂട്ടർ പരിശീലനം നൽകി.<br><br>7. വീറ്റ് ബേയ്സ്ഡ് ന്യൂട്രീഷൻ പ്രോഗ്രാം നടപ്പിലാക്കി ഇതുപ്രകാരം അംഗൻവാടികൾക്ക് ബി.പി.എൽ നിരക്കിൽ അരി, ഗോതമ്പ് എന്നിവ ലഭിച്ചു വരുന്നു. |

| | |
|---|---|
| | 8 . അംഗൻവാടി ജീവനക്കാർക്കുള്ള അഡീഷണൽ ഓണറേറിയം 400 രൂപയിൽ നിന്നും 550 രൂപയായി വർദ്ധിപ്പിച്ചു.<br>9. വിറക്, പച്ചക്കറി, .ട്രാൻസ്പോർട്ടേഷൻ എന്നിവയുടെ തുക 1 രൂപയിൽ നിന്നും 2 രൂപയായി വർദ്ധിപ്പിച്ചു.<br>1 0 . അംഗൻവാടി ഹെൽപ്പർമാർക്കും, സൂപ്പർവൈസർമാർക്കും സി.ഡി.പി.ഒ ക്കും സംസ്ഥാന അവാർഡ് ഏർപ്പെടുത്തി.<br>11. മഴവില്ല് പാഠ്യ പദ്ധതി നടപ്പിലാക്കി<br>12. പ്രീ സ്കൂളുകളിൽ പങ്കെടുക്കുന്ന വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക് 300 രൂപ വീതം പ്രതിമാസ സ്കോളർഷിപ്പ് ഏർപ്പെടുത്തി.<br>13. അംഗൻവാടികളിലൂടെയുള്ള ഭക്ഷ്യ വിതരണത്തിന്റെ തോത്, കുട്ടികൾ ക്ക് 3 0 0 കലോറി, 8-10 പ്രോട്ടീൻ എന്നത് 500 കലോറി, 12-15 പ്രോട്ടീൻ ആയി ഉയർത്തി.<br>14. മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ടേക്ക് ഹോം റേഷൻ പദ്ധതി പ്രകാരം കുടുംബശ്രീ യൂണിറ്റ് മുഖാന്തിരം ന്യൂട്രിമിക്സ് നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി.<br>15. പുതുക്കിയ ഡബ്ല്യു.എച്ച്. ഒ ഗ്രോത്ത് ചാർട്ടും മദർ ആന്റ് ചൈൽഡ് പ്രൊട്ടക്ഷൻ കാർഡും നടപ്പിലാക്കി.<br>16. പ്രീ സ്കൂൾ കിറ്റിന് നിലവിലുണ്ടായിരുന്ന 5 0 0 രൂപ 1 0 0 0 രൂപയായി കേന്ദ്ര സർക്കാർ അനുവദിച്ചത് വർദ്ധിപ്പിച്ച് നൽകി. |
| (ബി) സംസ്ഥാനത്ത് 2006-2010 കാലയളവിൽ എത്ര പുതിയ അംഗൻവാടികൾ ആരംഭിക്കാൻ കഴിഞ്ഞു; | (ബി) 7593 അംഗൻ വാടികളും 1 2 9 മിനി അംഗൻവാടികളും ആരംഭിച്ചിട്ടുണ്ട്. |
| (സി) അതുവഴി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; എത്ര പേരെ നിയമിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. | (സി) 7 7 2 2 അംഗൻവാടി വർക്കർമാരുടെയും 7593 അംഗൻവാടി ഹെൽപ്പർമാരുടെയും തസ്തികകൾ വീതം സൃഷ്ടിച്ചിട്ടുണ്ട്. 15315 പേരെ നിയമിച്ചിട്ടുമുണ്ട്. |
| (ഡി) ജീവനക്കാരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്; | (ഡി) അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും കേന്ദ്ര സർക്കാർ 01.04.2008 മുതൽ നടപ്പിലാക്കിയ ഓണറേറിയം പരിഷ്കരണം സംസ്ഥാനത്തും നടപ്പിലാക്കി. 31.10.2010 വരെ 6 മാസം വരെ താൽക്കാലിക സേവനമുള്ള അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും |

സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി. അംഗൻവാടി പ്രവർത്തകരുടെ പെൻഷൻ പ്രായം 6 0 വയസ്സായി നിജപ്പെടുത്തുകയും വർക്കർ/ഹെൽപ്പർമാർക്ക് യഥാക്രമം 5 0 0 രൂപ, 300 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുകയും ചെയ്തു. അംഗൻവാടി ഹെൽപ്പർമാർക്ക് 25% പ്രൊമോഷൻ നൽകുന്നതിനുള്ള പ്രായപരിധി ഒഴിവാക്കി. അംഗൻവാടി ഹെൽപ്പർമാർക്ക് വർക്കർ തസ്തികയുടെ 25%-ഉം വർക്കർമാർക്ക് സൂപ്പർവൈസർ തസ്തികയുടെ 29%-ഉം സംവരണം ചെയ്തു. അംഗൻവാടി പ്രവർത്തകരുടെ സ്ഥലമാറ്റത്തിനുള്ള വ്യവസ്ഥ ലഘൂകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

(ഇ) എത്ര അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(ഇ) 2011 മെയ് മുതൽ 2 0 16 മെയ് വരെയുള്ള കാലയളവിൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി 4020 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | 2011 മെയ് മുതൽ 2016 മെയ് വരെയുള്ള കാലയളവിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞിട്ടുള്ള അങ്കണവാടികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 288 |
| 2 | കൊല്ലം | 295 |
| 3 | പത്തനംതിട്ട | 104 |
| 4 | ആലപ്പുഴ | 31 |
| 5 | കോട്ടയം | 175 |
| 6 | ഇടുക്കി | 239 |
| 7 | എറണാകുളം | 412 |
| 8 | തൃശ്ശൂർ | 403 |
| 9 | പാലക്കാട് | 437 |
| 10 | മലപ്പുറം | 531 |
| 11 | വയനാട് | 154 |
| 12 | കോഴിക്കോട് | 410 |
| 13 | കണ്ണൂർ | 416 |
| 14 | കാസർഗോഡ് | 125 |
| | ആകെ | **4020** |